# ന്യൂലൈഫ്
## ബൈബിൾ പഠന കോഴ്സ്

# ക്രിസ്തീയ ജീവിതം

**സ്വകാര്യജീവിതം** **യൂണിറ്റ് C**

## പഠനം 1. ദൈവത്തോടുള്ള സംസാരം

പേര്:

**വായിക്കുക: മത്തായി 6:5 – 8; എബ്രായർ 11:6; യാക്കോബ് 1:5 – 8**

**താക്കോൽവാക്യം: യാക്കോബ് 5:16**

**"നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു"**

നാം എപ്രകാരമാണ് ദൈവത്തോട് സംസാരിക്കുന്നത്? നാം പ്രാർത്ഥനയിലൂടെയാണ് അവനോട് സംസാരിക്കുന്നത്. ആദിമകാല ക്രിസ്തീയ വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചതായി ***അപ്പൊസ്തലപ്രവൃത്തി 2***-ൽ നാം കാണുകയുണ്ടായി. ഇത് സഭാ കൂടിവരവുകളിലെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പ്രാർത്ഥനാകൂടിവരവുകൾക്ക് നാം മുടക്കം കൂടാതെ നിരന്തരം കൂടേണ്ടത് ആവശ്യമാണ്. എന്നാൽ നാം തനിച്ചു പ്രാർത്ഥിക്കേണ്ടതിനെക്കുറിച്ചും ബൈബിളിൽ പറയുന്നു. സ്വകാര്യമായ പ്രാർത്ഥനയും വളരെ പ്രധാനപ്പെട്ടതാണ്. തർസോസുകാരനായ ശൗൽ കർത്താവിങ്കലേക്ക് തിരിഞ്ഞത് പ്രകടമാക്കപ്പെട്ട ഒരു കാര്യം ദൈവം അനന്യാസിനോട് ***"അവൻ പ്രാർത്ഥിക്കുന്നു"*** എന്നു പറയുന്നതാണ്. ***(അപ്പൊ. പ്ര 9:11).***

വ്യക്തിപരമായ പ്രാർത്ഥനയെക്കുറിച്ച് നാം പ്രധാനമായും അറിഞ്ഞിരിക്കേണ്ട ചില വസ്തുതകൾ ഉണ്ട്.

1. **ഇത് സ്വകാര്യമായിരിക്കണം.**

   നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുവാൻ പോകുമ്പോൾ ഒരു സ്വകാര്യസ്ഥലത്ത് പോവുകയും ***"രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക എന്നുമാണ് യേശുകർത്താവ് പറഞ്ഞത്." മത്തായി 6:6.*** പ്രാർത്ഥനയ്ക്ക് എന്തെങ്കിലും കുഴപ്പമുള്ളതുകൊണ്ടല്ല ഇപ്രകാരം പറഞ്ഞത്. മറിച്ച് നാം മറ്റുള്ളവർക്ക് മുമ്പാകെ നമ്മെത്തന്നെ വെളിപ്പെടുത്തി നാം അമിത ആത്മീയതയുള്ളവരാണെന്ന് മറ്റുള്ളവർ കരുതുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാം പരസ്യപ്രാർത്ഥനയിൽ ഐക്യതയോടെ നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് ചോദിക്കുമ്പോൾ നമ്മുടെ രഹസ്യപ്രാർത്ഥനയിൽ നമ്മുടെ വ്യക്തിപരമായ കാര്യങ്ങളാണ് ദൈവത്തോട് അപേക്ഷിക്കുന്നത്.

2. **ഇത് മുടക്കം കൂടാതെ ചെയ്യേണം**

   ദാനിയേൽ ഒരു ദിവസം മൂന്നുനേരം ദൈവത്തോട് പ്രാർത്ഥിച്ചു ***(ദാനിയേൽ 6:10)*** നാം ദിവസത്തിൽ ഒരു നേരമെങ്കിലും പ്രാർത്ഥിക്കുന്നത് ഒരു ജീവിതശൈലിയാക്കി മാറ്റണം. നമ്മുടെ ദിനന്തോറുമുള്ള ബൈബിൾ പാരായണത്തിനു ശേഷം ഇത് തുടരാവുന്നതാണ്. നാം പ്രാർത്ഥിച്ച വിഷയങ്ങളെക്കുറിച്ചും സമയത്തെക്കുറിച്ചും ഒന്ന് എഴുതി സൂചിപ്പിക്കുന്നത് നല്ലതാണ്. അങ്ങനെയെങ്കിൽ ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമ്പോൾ അവനോട് നന്ദി പറയുവാൻ സാധിക്കും. ദൈവം ഓരോ ദിവസവും അനവധി നല്ല കാര്യങ്ങളെ നൽകി അനുഗ്രഹിക്കുന്നതുകൊണ്ട് നാം അവന് ഓരോ ദിവസവും നന്ദി പറയുവാൻ ഓർക്കേണ്ടതാണ്.

3. **ഇത് വ്യക്തിപരമായിരിക്കണം.**

   നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മനസ്സിലും ഹൃദയത്തിലുമുള്ളതായ കാര്യങ്ങൾ നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ നാം ഭയപ്പെടുന്ന കാര്യങ്ങൾ നമ്മെ ബുദ്ധിമുട്ടിക്കുന്ന കാര്യങ്ങൾ നമുക്കുവേണ്ടി അവൻ ചെയ്യുവാൻ നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ എന്നിവയെല്ലാം നാം ദൈവത്തോട് പറയേണ്ടത് ആവശ്യമാണ്. എപ്പോഴും ഓരോ കാര്യങ്ങൾക്കുവേണ്ടി മാത്രമല്ലാതെ നാം നമുക്കുവേണ്ടിയും പ്രാർത്ഥിക്കണം. നമ്മിൽ നിന്നും എപ്പോഴും സാധനങ്ങളുടെ ഒരു പട്ടികയല്ല ദൈവം പ്രതീക്ഷിക്കുന്നത്. ദൈവത്തെ അഭിനന്ദിക്കാനും അവൻ നമുക്കുവേണ്ടി ചെയ്ത കാര്യങ്ങളെയോർത്ത് നന്ദി പറയുവാനും നാം മറക്കരുത്. നമ്മുടെ മുമ്പോട്ടുള്ള നടത്തിപ്പിനും തിരുവചനത്തിന്റെ അറിവ് വർദ്ധിക്കുന്നതിനും വിശുദ്ധജീവിതത്തിനു വേണ്ടിയും, നാം തളർന്നും നിരാശയിലുമായിരിക്കുമ്പോൾ സഹായത്തിനും ഒക്കെ വേണ്ടിയും പ്രാർത്ഥിക്കാവുന്നതാണ്.

4. **ഇത് നിസ്വാർത്ഥമായിരിക്കണം**

   നാം നമുക്കുവേണ്ടി പ്രാർത്ഥിക്കണം പക്ഷെ, നാം നമുക്കുവേണ്ടി മാത്രം പ്രാർത്ഥിക്കരുത്. നാം മറ്റുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കണം എന്നാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ***"സകലമനുഷ്യർക്കും, രാജാക്കന്മാർക്കും, സകല അധികാരസ്ഥന്മാർക്കും" (1 തിമോഥെയൊസ് 2:1 – 2).*** ഇതുവരെ ക്രിസ്ത്യാനിയായിട്ടില്ലാത്ത നിങ്ങളുടെ സുഹൃത്തുക്കൾക്കുവേണ്ടിയും, നിങ്ങളുടെ കുടുംബത്തിനുവേണ്ടിയും, രാജ്യത്തിനും, ഭരണഘടനയ്ക്കു വേണ്ടിയും അച്ചടിക്കപ്പെടുന്ന ഏത് വാർത്തകൾക്കു വേണ്ടിയും പ്രാർത്ഥിക്കാവുന്നതാണ്.

5. **ഇത് പ്രത്യാശയോടെയായിരിക്കണം.**

   ദൈവം നമ്മുടെ പ്രാർത്ഥനകൾക്ക് നിശ്ചയമായും ഉത്തരം നൽകും എന്നു വിശ്വസിച്ചുകൊണ്ടാണ് പ്രാർത്ഥിക്കേണ്ടത് മറിച്ചല്ല. വിശ്വാസത്തോടെയുള്ള പ്രാർത്ഥന വളരെ പ്രധാനപ്പെട്ടതാണ് ***(യാക്കോബ് 1:6 – 7; എബ്രായർ 11:6).***

6. **ഇത് തികഞ്ഞ ആഗ്രഹത്തോടെ ആയിരിക്കണം (യാക്കോബ് 5:16)**

   എന്നു പറഞ്ഞാൽ നമ്മുടെ പ്രാർത്ഥനയിൽ നാം ശ്രദ്ധ ചെലുത്തുകയും അർത്ഥവത്തായി പ്രാർത്ഥിക്കുകയും വേണം. "എന്റെ അച്ഛനേയും അമ്മയേയും അനുഗ്രഹിക്കണം, എന്റെ സഹോദരിയെ സഹായക്കണം, എന്റെ സുഹൃത്തിനെ സഹായിക്കണം, എനിക്ക് ഈ ചില കാര്യങ്ങൾ നൽകണം, ഒരു നല്ല ദിവസം എനിക്കു തരേണം ആമേൻ" ഇങ്ങനെയൊക്കെ നാം പറഞ്ഞ് കേൾക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. "കർത്താവേ എന്റെ സുഹൃത്ത് നിന്നെ അറിയണം എന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു. യേശുകർത്താവിനെക്കുറിച്ചുള്ള സുവിശേഷം മനസ്സിലാക്കുവാൻ അവളെ സഹായിക്കേണമെ. നീ നൽകുന്ന അവസരങ്ങളിലൊക്കെയും ഈ കാര്യങ്ങൾ അവളോടു പറയുവാൻ എന്നെ സഹായിക്കേണമേ" ഇങ്ങനെ നമ്മുടെ പ്രാർത്ഥനയിൽ നമ്മുടെ ഹൃദയം പകരുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

7. **ഇത് വിശുദ്ധമായ ഹൃദയങ്ങളിൽ നിന്നും ആയിരിക്കണം.**

   നാം പ്രാർത്ഥിക്കുമ്പോൾ സമ്പൂർണ്ണരായിരിക്കുന്നു എന്ന് ഇതിനർത്ഥമില്ല. എന്നാൽ മനപൂർവ്വമായി നാം ദൈവത്തോട് അനുസരണക്കേട് കാണിച്ചാൽ അവൻ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുകയില്ല എന്നാണ് ഇത് അർത്ഥമാക്കുന്നത്. ***"ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവ് കേൾക്കുകയില്ലായിരുന്നു" (സങ്കീർത്തനം 66:18).*** നമുക്ക് പാപങ്ങളെ ഏറ്റുപറയുന്നത് വ്യക്തിപരമായ പ്രാർത്ഥനയിലെ പ്രധാനപ്പെട്ട കാര്യമാണ്. (1 യോഹ. 1:9)

ദൈവം എല്ലാ കാര്യങ്ങളും അറിയുന്നതുകൊണ്ട് പ്രാർത്ഥിക്കേണ്ടുന്ന ആവശ്യം ഇല്ല എന്ന് ചിലർ പറയാറുണ്ട്; അവന് അറിയാവുന്ന കാര്യങ്ങൾ അവനോട് നാം പറയുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ പ്രാർത്ഥനയെന്നത് ദൈവത്തോട് ചില കാര്യങ്ങൾ പറയുന്നത് മാത്രമല്ല. ഇത് അവനുമായുള്ള ആശയവിനിമയമാണ് അതിലൂടെ നമുക്ക് അവനുമായി ബന്ധപ്പെടാൻ സാധിക്കും. അവൻ തന്റെ ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു, ***"ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ" (മത്തായി 26:41)*** ഈ കാര്യമാണ് നാം ചെയ്യേണ്ടത്.

**പാഠം 1.** ദൈവത്തോടുള്ള സംസാരം

**1** **A. മത്തായി 6:5 – 8 വീണ്ടും വായിക്കുക. കപടഭക്തിക്കാർ എപ്രകാരം പ്രാർത്ഥിച്ചുവെന്നാണ് യേശുകർത്താവ് പറഞ്ഞത്?**

..........

**B. കപടഭക്തിക്കാർക്ക് വിപരീതമായി യേശുകർത്താവിന്റെ ശിഷ്യന്മാർ എപ്രകാരമാണ് പ്രാർത്ഥിച്ചിരുന്നത്?**

..........

**C. നമ്മുടെ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ നമ്മുടെ പിതാവിന്റെ പ്രത്യേകതയെന്ത്?**

.......... 6

**2** **ദാനിയേൽ ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു**

**i.**. ഓരോ ദിവസവും താൻ എത്ര തവണയാണ് പ്രാർത്ഥിച്ചിരുന്നത്? (ദാനിയേൽ 6:10). ..........

**ii.** അവന്റെ ജീവിതം അപകടത്തിലായപ്പോൾ അവൻ ദൈവത്തോട് പ്രാർത്ഥിക്കുകയും ദൈവം ഉത്തരം നൽകുകയും ചെയ്തു. അവന്റെ നന്ദിയുടെ പ്രാർത്ഥന എഴുതുക ***(2:23)***..........

..........

..........

..........

**iii.** നിങ്ങൾക്ക് ദൈവത്തോട് നന്ദി പറയുവാൻ കഴിയുന്ന ചില കാര്യങ്ങളുടെ ഒരു പട്ടികയെഴുതുക. 6

..........

**3** **A. "അവൻ വിശ്വാസത്തോടെ യാചിക്കട്ടെ" എന്നു പറയുന്നതിന്റെ "അർത്ഥം" എന്താണെന്നാണ് നിങ്ങൾ കരുതുന്നത്? (യാക്കോബ് 1:6).** ..........

**B. നാം പ്രാർത്ഥിക്കുമ്പോൾ എന്തുകൊണ്ടാണ് വിശ്വാസം വളരെ പ്രധാനപ്പെട്ടതായിരിക്കുന്നത്?** .......... 4

..........

**4** **1 തിമൊഥെയോസ് 2:1– 2 വീണ്ടും വായിക്കുക**

A. നാം ദൈവത്തോട് സംസാരിക്കുമ്പോൾ ഇത് പല രീതികളിൽ സംഭവിക്കണം. ഏതെങ്കിലും **മൂന്നു** കാര്യങ്ങൾ എഴുതുക. ..........

..........

B. ഈ നിലയിലുള്ള പ്രാർത്ഥനകളോട് യോജിക്കുന്ന ഏത് വാക്കുകളാണ് നിങ്ങൾ 1-ാം വാക്യത്തിൽ നിന്നും എഴുതുന്നത്?

I. ദൈവത്തോട് നന്ദിയുണ്ടായിരിക്കുക ..........

II. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക .......... 4

III. പ്രത്യേകമായ ആവശ്യങ്ങൾ നൽകുന്നതിന് ദൈവത്തോട് ചോദിക്കുക. ..........

**5** **ദൈവം എല്ലാം അറിയുന്നതുകൊണ്ട് പ്രാർത്ഥിക്കുന്നതിൽ യാതൊരു കാര്യവുമില്ല എന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങളുടെ ഉത്തരം എന്തായിരിക്കും?**..........

.......... 3

..........

**6** **സങ്കീർത്തനം 66:18 എന്താണ് അർത്ഥമാക്കുന്നത് എന്ന് നിങ്ങളുടെ വാക്കുകളിൽ വ്യക്തമാക്കുക.**

.......... 2

..........

**25**

ആകെ മാർക്ക്

# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തീയ ജീവിതം

**സ്വകാര്യജീവിതം** **യൂണിറ്റ് C**

## പഠനം 2. ദൈവത്തെ ശ്രദ്ധിക്കുക

പേര്:

**വായിക്കുക: സങ്കീർത്തനം 19: 7 – *14***

**താക്കോൽവാക്യം: സങ്കീർത്തനം 25:25**

**"നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ; ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശ വെക്കുന്നു"**

നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തോട് സംസാരിക്കുന്നു. എന്നാൽ എങ്ങനെയാണ് ദൈവം നമ്മോട് സംസാരിക്കുന്നത്? പഴയനിയമ കാലത്തെ ആളുകൾ ചെയ്തതുപോലെ നാം ചെയ്യേണ്ടുന്ന കാര്യങ്ങൾ സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദമായി കേൾക്കുവാൻ പ്രതീക്ഷിക്കുന്നുണ്ടോ? ബൈബിളിന്റെ കാലയളവിൽ ദൈവം സ്വപ്നങ്ങളിലൂടെ സംസാരിച്ചതുപോലെ ഇന്ന് നമ്മോട് അവൻ അങ്ങനെ സംസാരിക്കുമോ?

***1 ശമുവേൽ*** 3-ൽ ദൈവം ശമുവേലിനെ കേൾക്കത്തക്കവണ്ണമുള്ള ശബ്ദത്തിൽ വിളിച്ചതായി നാം വായിക്കുന്നു. എന്നാൽ ശമുവേൽ വിചാരിച്ചത് പുരോഹിതനായ ഏലി തന്നെ വിളിച്ചുവെന്നാണ് ***(വാക്യങ്ങൾ 5 – 8 കാണുക)***. പുതിയനിയമത്തിൽ യേശു കർത്താവ് സ്നാനപ്പെട്ടപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഇപ്രകാരം ഒരു ശബ്ദമുണ്ടായി, ***"ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്തായി 3:17).*** ഇന്ന്, ദൈവം അപ്രകാരം നമ്മോട് സംസാരിക്കുന്നില്ല. മാത്രമല്ല മിസ്രയിമിലെ ഫറവോന്റെ കാലത്തും ***(ഉല്പത്തി 41)*** ബാബിലോണിനെ നെബുഖദ്നേസരിന്റെ കാലത്തും ***(ദാനിയേൽ 2)*** ദൈവം സ്വപ്നങ്ങളിലൂടെ സംസാരിച്ചതു പോലെ അവൻ സാധാരണയായി നമ്മോട് ആശയവിനിമയം നടത്തുന്നില്ല.

പുതിയനിയമകാലത്ത് ദൈവം മനുഷ്യനോട് തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ സംസാരിച്ചു. ദൈവത്തെക്കുറിച്ച് അറിയേണ്ടുന്ന കാര്യങ്ങൾ യേശുകർത്താവ് ജനങ്ങളോട് അറിയിച്ചു. യേശുകർത്താവ് ചെയ്ത അത്ഭുതത്തെക്കുറിച്ചും പറഞ്ഞ വാക്കുകളെക്കുറിച്ചും ഓർത്ത് എഴുതുവാനായി ദൈവം തന്റെ പരിശുദ്ധാത്മാവിലൂടെ ചില വ്യക്തികളെ സഹായിച്ചു. അതു മുഖാന്തിരം യേശുകർത്താവിനെ കണ്ടിട്ടില്ലാത്തതോ കേട്ടിട്ടില്ലാത്തതോ ആയ ജനങ്ങൾ അവൻ പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കി. മറ്റു ചില കാര്യങ്ങൾ അവൻ തന്റെ പരിശുദ്ധാത്മാവിലൂടെ അപ്പൊസ്തലന്മാർക്ക് വെളിപ്പെടുത്തുകയും അവർ എഴുതുകയും ചെയ്തു. ഈ എഴുതിയവയെല്ലാം കൂട്ടിച്ചേർത്ത് ഒരു പുസ്തകമായോ പുസ്തകങ്ങളുടെ ഒരു കൂട്ടമായോ മാറിയതിനെയാണ് നാം ബൈബിൾ എന്നു വിളിക്കുന്നത്. നാം ബൈബിൾ വായിക്കുമ്പോൾ ദൈവം അതിലൂടെ നമ്മോട് സംസാരിക്കുന്നു. അവനാൽ എഴുതപ്പെട്ടിട്ടുള്ള വാക്കുകൾ നമുക്ക് മനസ്സിലാക്കിത്തരുന്നതിലൂടെയാണ് അവൻ നമ്മോട് സംസാരിക്കുന്നത്. അവന്റെ ആത്മാവിനാൽ അവൻ നമ്മെ പഠിപ്പിക്കുകയും, തെറ്റുതിരുത്തുകയും, ഉദ്ബോധിപ്പിക്കുകയും വഴി നടത്തുകയും ചെയ്യുന്നു ***(2 തിമൊഥെയൊസ് 3:16 – 17).***


ദൈവം നമ്മോട് സംസാരിക്കുന്ന പ്രധാന മാർഗ്ഗം ബൈബിളിലൂടെയായതുകൊണ്ട് നാം മൂന്നു കാര്യങ്ങൾ മുടക്കം കൂടാതെ ചെയ്യുന്നതിൽ ശ്രദ്ധിക്കണം.

1. ബൈബിളിലെ ഏതെങ്കിലും ഒരു ഭാഗം ***ഓരോ ദിവസവും വായിക്കുവാൻ ശ്രമിക്കണം (സങ്കീർത്തനം 1:2).*** ചിലയാളുകൾക്ക് ബൈബിളിലെ ചില വലിയ ഖണ്ഡികകൾ ഒരു സമയത്തു തന്നെ വായിച്ചു തീർക്കുവാൻ സാധിക്കും. എന്നാൽ മറ്റു ചിലർക്ക് കുറച്ചു വാക്യങ്ങൾ മാത്രമേ വായിക്കുവാൻ കഴിയൂ. നിങ്ങൾക്ക് അനായാസമായി വായിക്കുവാൻ കഴിയുന്നത്രയും ഭാഗം തിരഞ്ഞെടുത്ത് അത് സമയം വേർതിരിക്കുക. ഇത് നടപ്പിലാക്കുവാൻ പറ്റിയ ഏറ്റവും നല്ല മാർഗ്ഗം ബൈബിളിനൊപ്പം ബൈബിൾ പഠന സഹായികളായ ചില പുസ്തകങ്ങളും ഉപയോഗിക്കുന്നതിലൂടെയാണ് (ദിവസേനയുള്ള ബൈബിൾ പഠന സഹായികളായ പുസ്തകങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഇപ്രകാരമുള്ള പഠന സാമഗ്രികൾ നൽകുന്നവരുമായി ബന്ധപ്പെടുക). ഇതോടൊപ്പം നിങ്ങളുടെ വായനയിൽ വിശേഷമായി നിങ്ങൾക്കു തോന്നുന്ന കാര്യങ്ങളും മറ്റുള്ളവരോട് ചോദിക്കുവാനാഗ്രഹിക്കുന്ന ചില സംശയങ്ങളും എഴുതുവാനായി ഒരു ബുക്കും പെൻസിലും കരുതേണ്ടത് ആവശ്യമാണ്. ബൈബിൾ വായിക്കുന്നത് ഒരു ശീലമാക്കി മാറ്റിയാൽ ദൈവം തന്റെ വചനത്തിലൂടെ നിങ്ങളോട് സംസാരിക്കുന്നത് നിങ്ങൾക്ക് മനസ്സിലാക്കാം. അവന്റെ വചനം വായിക്കുവാനായി സമയം ചിലവഴിക്കാതെ നാം വളരെ തിരക്കേറിയവരായിത്തീർന്നാൽ നാം ഒരിക്കലും നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള അവന്റെ ഹിതം മനസ്സിലാക്കുവാൻ സാധിക്കുകയില്ല. മറിയ തന്റെ കർത്താവിന്റെ വചനം കേൾക്കുവാനായി സമയം കണ്ടെത്തി ***(ലൂക്കോസ് 10:38 – 42 കാണുക).***

2. നാം ***ദൈവവചനത്തിന്റെ പഠിപ്പിക്കലിനെ അഥവാ പ്രസംഗത്തെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.*** ഈ കാര്യം നാം ആയിരിക്കുന്ന സഭയിൽ നിന്നും ലഭ്യമാകുന്നിടത്തോളം നേടുവാൻ ശ്രമിക്കേണ്ടതാണ്. സ്വകാര്യമായ ദൈവവചന പഠനം നല്ലതാണ് എന്നാൽ അത് പൊതുവായ ബൈബിൾ പഠനങ്ങൾ ശ്രദ്ധിക്കുന്നതിന് പകരം വെയ്ക്കുവാൻ കഴിയില്ല. ദൈവം തന്റെ വചനത്തിന്റെ പ്രഘോഷണത്തെ പ്രത്യേകമായ രീതിയിൽ അനുഗ്രഹിക്കുന്നുവെന്നതാണ് ഇതിന്റെ കാരണം. വചനപ്രഘോഷണത്തിന്റെ ശരിയായ ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ അത് ശ്രവിച്ചെങ്കിൽ മാത്രമേ സാദ്ധ്യമാവുകയുള്ളൂ. നിങ്ങൾ ഇങ്ങനെയുള്ള പ്രസംഗത്തിൽ ശ്രദ്ധിക്കുവാൻ ദൈവം നിങ്ങളോട് സംസാരിക്കുന്നതായി നിങ്ങൾക്ക് അനുഭവപ്പെടും. നിങ്ങൾ ഭവനത്തിലായിരിക്കുമ്പോൾ പ്രസംഗിച്ചു കേട്ട വിഷയത്തിന് നിങ്ങൾക്ക് കൂടുതൽ സമയം നൽകുവാനും നിങ്ങൾ കേട്ടതിനെക്കുറിച്ച് ശാന്തമായി ചിന്തിക്കുന്നതിനും കർത്താവിനെ നിങ്ങളോട് സംസാരിക്കുവാൻ അനുവദിക്കുന്നത് സാദ്ധ്യമാവുകയും ചെയ്യുന്നു.

3. ***ബൈബിൾ നമ്മെക്കാൾ നന്നായി അറിയാവുന്ന വ്യക്തികളുമായി സൗഹൃദബന്ധത്തിലായിരിക്കുവാൻ നാം ശ്രമിക്കേണ്ടതാണ്.*** നാം തെറ്റായ കാര്യങ്ങൾ ചെയ്യുന്നത് ചൂണ്ടിക്കാണിക്കാൻ മറ്റ് ക്രിസ്ത്യാനികൾക്ക് കഴിയും. നമ്മുടെ ജീവിതത്തെ വഴിതെളിക്കാനായി ബൈബിൾ അറിയാവുന്ന ക്രിസ്തീയ സുഹൃത്തുക്കൾ നമുക്ക് ആവശ്യമാണ്.

ഈ മൂന്നു കാര്യങ്ങൾ നാം ചെയ്യുന്നതിലൂടെ നാം നമ്മെ നിരന്തരമായി ദൈവവചനം വായിക്കുകയും ശ്രവിക്കുകയും ചെയ്യുന്ന സ്ഥാനത്തേക്ക് ഉയർത്തുന്നു. അപ്പോൾ ദൈവം നമ്മോട് സംസാരിക്കുവാൻ അവന്റെ വചനത്തെ ഉപയോഗിക്കുന്നു. ബൈബിളിന്റെ ഉപദേശങ്ങൾ നമ്മുടെ ഹൃദയത്തിലേക്കും മനസാക്ഷിയിലേക്കും നിക്ഷിപ്തമാക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. ദൈവത്തിന് ബൈബിളിലൂടെ സംസാരിക്കുവാൻ കഴിയുമോ? നാം ഇത് വായിക്കുകയും ശ്രവിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ടോ? നാം അപ്രകാരം ചെയ്യുന്നവരായിരിക്കണം.



**1 ചുവടെയുള്ള പ്രസ്താവനകൾ പൂർത്തിയാക്കുക.**

i നാം പ്രാർത്ഥിക്കുമ്പോൾ നാം ..........................................................................................

ii. നാം ബൈബിൾ വായിക്കുമ്പോൾ ...................................................................................... (2)

**2 A.ബാലനായിരുന്ന ശമുവേലിനോട് ദൈവം എപ്രകാരമാണ് സംസാരിച്ചത്?**.................................

..........................................................................................................................................

**B. ശമുവേൽ ഏത് കാര്യമാണ് തെറ്റായി ചെയ്തത്?** ..........................................................

..........................................................................................................................................

**C. തുടർന്ന് താൻ ദൈവത്തോട് എപ്രകാരമാണ് പ്രതികരിച്ചത്? (1 ശമുവേൽ 3:10).**

.......................................................................................................................................... (6)

**3 A. പഴയനിയമകാലത്ത് ദൈവം വ്യക്തികളോട് ആശയവിനിമയം നടത്തുവാൻ ഏതൊക്കെ വഴികളാണ് ഉപയോഗിച്ചത്? (ഇയ്യോബ് 33:14 – 16 സൂചനക്കായി വായിക്കുക)**..........................................................

..........................................................................................................................................

**B. ഇപ്രകാരം ദൈവം സംസാരിച്ച രണ്ട് വ്യക്തികളുടെ പേരെഴുതുക?**.......................................

.......................................................................................................................................... (4)

**4 ശരിയോ തെറ്റോ എന്നെഴുതുക.**

I. ഈ കാലയളവിൽ ദൈവം പ്രധാനമായും സ്വപ്നങ്ങളിലൂടെയാണ് സംസാരിക്കുന്നത്. .........................

ii. യേശുകർത്താവ് സംസാരിച്ച വാക്കുകൾ എഴുതുവാൻ തക്കവണ്ണം പരിശുദ്ധാത്മാവ് ചില മനുഷ്യരുടെ മനസ്സിനെ (പേനയേയും ) നിയന്ത്രിച്ചു. .........................

iii. ദൈവം ഈ കാലത്ത് മുഖ്യമായും സംസാരിക്കുന്നത് ബൈബിളിലൂടെയാണ്. .........................

iv. പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ ആർക്കും തന്നെ ബൈബിൾ ശരിയായ രീതിയിൽ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. .........................

v. ബൈബിൾ ആഴ്ചയിൽ ഒരിക്കൽ വായിക്കുന്നത് മതിയാകും? ......................... (5)

**5 വായനാഭാഗത്തിലെ 7 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ "ന്യായപ്രമാണം, സാക്ഷ്യങ്ങൾ, കല്പനകൾ" എന്നിങ്ങനെയുള്ള വാക്കുകൾ കാണുവാൻ കഴിയുന്നു. ഈ വാക്കുകളെല്ലാം "ദൈവവചനം" അഥവാ "ബൈബിളിനു" പകരമായി നിൽക്കുന്ന വാക്കുകളാണ്. നാം ബൈബിൾ വായിക്കുകയാണെങ്കിൽ അതിന് നമ്മുടെ മേൽ നൽകാവുന്ന മൂന്ന് ഫലങ്ങൾ ഈ സങ്കീർത്തനത്തിൽ നിന്നും എടുത്തെഴുതുക.**

..........................................................................................................................................

..........................................................................................................................................

.......................................................................................................................................... (3)

**6 "മറിയ യേശുവിന്റെ പാദത്തിൽ ഇരുന്ന് അവന്റെ വചനം കേട്ടു" (ലൂക്കോസ് 10:39) മറിയയുടെ ഈ നല്ല ഉദാഹരണം നമുക്ക് എങ്ങനെ അനുകരിക്കുവാൻ സാധിക്കും?**

..........................................................................................................................................

.......................................................................................................................................... (3)

**7 ദൈവവചനം കേൾക്കുന്നതിൽ നിന്നും നമുക്ക് എന്ത് അനുഗ്രഹങ്ങളാണ് ലഭിക്കുന്നത് എന്ന് വിവരിക്കുക.**

..........................................................................................................................................

..........................................................................................................................................

.......................................................................................................................................... (2)

**25**
ആകെ മാർക്ക്

# ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# ക്രിസ്തീയ ജീവിതം

**സ്വകാര്യജീവിതം** **യൂണിറ്റ് C**

**പഠനം 3.** ദൈവത്തെക്കുറിച്ച് പഠിക്കുക.

പേര്:

**വായിക്കുക: അപ്പൊ.പ്രവൃ 17:10 – 12; 2 തിമൊഥെയോസ് 2:15 – 19**

**താക്കോൽവാക്യം: 2 തിമൊഥെയോസ് 2:15**

**"സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്നതു കൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാകുന്നവനായി നിൽപ്പാൻ ശ്രമിക്കുക"**

നിങ്ങൾ ക്രിസ്ത്യാനികളായിത്തീരുമ്പോൾ നിങ്ങൾക്ക് സ്വയമായി ബൈബിൾ വായിക്കുവാനുള്ള ഒരു പുതിയ ആഗ്രഹം ഉണ്ടാകും എന്നത് വളരെ വേഗത്തിൽ തന്നെ മനസ്സിലാക്കുവാൻ സാധിക്കും. ബൈബിൾ സ്വയമായി വായിക്കുന്നത് വളരെ പ്രാധാന്യമേറിയതാണ്. മുമ്പിലത്തെ പാഠത്തിൽ നാം ശ്രദ്ധിച്ചതുപോലെ ഇങ്ങനെ ചെയ്യുന്നതിലൂടെ ദൈവത്തിന് നിങ്ങളോട് സംസാരിക്കുവാൻ സാധിക്കുന്നു.

ബൈബിൾ പഠിക്കേണ്ടത് നിങ്ങളെ സംബന്ധിച്ചും വളരെ പ്രാധാന്യമേറിയതാണ്. ബൈബിൾ പഠിക്കുന്നത് അത് വെറുതെ വായിക്കുന്നതിലും പ്രാധാന്യമേറിയതാണ്. ബൈബിളിലേക്ക് ചോദ്യങ്ങളുമായി വന്ന് ഉത്തരങ്ങൾ കണ്ടെത്തുക എന്നാണ് പഠനം കൊണ്ട് അർത്ഥമാക്കുന്നത്. "ഞാൻ ബൈബിളിൽ ഇപ്പോൾ വായിച്ച വാക്കുകൾ കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?" "സ്നേഹം, വിവാഹം, കുടുംബം, യുദ്ധം, മദ്യപാനം, ലോകാവസാനം എന്നിവയെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു?" എന്നിങ്ങനെയുള്ള ചോദ്യങ്ങളാണ് നാം ബൈബിളിനോട് ചോദിക്കേണ്ടത്. വളരെ നന്നായി ബൈബിൾ പഠിക്കണമെങ്കിലും മനസ്സിലാക്കണമെങ്കിലും ചില നല്ല പുസ്തകങ്ങൾ ആവശ്യമായി വരും.

1. ബൈബിളിനെക്കുറിച്ച് വിവരിക്കുന്ന ഒരു വാല്യമുള്ള **കമന്ററി** വാങ്ങുവാൻ ശ്രമിക്കുക. കമന്ററി എന്നു പറയുന്നത് ബൈബിളിലെ ഓരോ ഭാഗത്തെക്കുറിച്ച് വിവരിക്കുന്നതും അതിന്റെ അർത്ഥം മനസ്സിലാക്കി തരുന്നതുമായ പുസ്തകമാണ്. ഒരു വാല്യം മാത്രമുള്ള കുറെ നല്ല കമന്ററികൾ ഇന്ന് ലഭ്യമാണ്. അങ്ങനെയുള്ളവയിൽ ഒന്നാണ് വില്യം മാക്ഡൊണാൾഡ് എഴുതിയ ബിലീവേഴ്സ് ബൈബിൾ കമന്ററി.
2. ഒരു നല്ല **കൺകോഡൻസും (ഒത്തു വാക്യങ്ങളുടെ പുസ്തകം)** വളരെ സഹായകമാണ്. കൺകോഡൻസ് എന്നു പറയുന്നത് ബൈബിളിലെ പ്രധാനപ്പെട്ട എല്ലാ വാക്യങ്ങളും അനുബന്ധമായി എഴുതിയിരിക്കുന്നതാണ്. നിങ്ങൾക്ക് മുഴുവനായും അറിയാത്തതോ ഒന്നോ രണ്ടോ വാക്കുകൾ മാത്രം അറിയാവുന്നതോ ആയ വാക്യങ്ങൾ കണ്ടുപിടിക്കുന്നതിന് ഈ പുസ്തകം നിങ്ങളെ സഹായിക്കും. ഈ വാക്കുകളെ കൺകോഡൻസിൽ നോക്കിയാൽ ഈ വാക്കുകൾ പ്രസ്താവിച്ചിരിക്കുന്ന എല്ലാ വാക്കുകളും കാണുവാൻ സാധിക്കും. നിങ്ങൾ അന്വേഷിക്കുന്ന വാക്യം കണ്ടെത്തുന്നതുവരെ ആ പട്ടികയിൽ തിരയാവുന്നതാണ്. പുതുവിശ്വാസികൾക്ക് പറ്റിയ ഒരു കൺകോഡൻസാണ് ക്രൂഡൻസ് കൺകോഡൻസ്. ബൈബിളിലെ "എന്നാൽ, എങ്കിൽ" എന്നീ ചെറിയ വാക്കുകൾ പോലും രേഖപ്പെടുത്തിയിരിക്കുന്നു എന്നാണ് അവർ അവകാശപ്പെടുന്നത്. എക്സ്ഹോസ്റ്റീവ് എന്നു പറഞ്ഞാൽ എക്സ്ഹോസ്റ്റിംഗ് (ക്ഷീണത്തിലാക്കുക) എന്നല്ല മറിച്ച് പൂർണ്ണമായും, എല്ലാം, മുഴുവനും എന്നൊക്കെയാണ് അർത്ഥമാക്കുന്നത്.



3. വളരെ പ്രയോജനപ്രദമായിരിക്കുന്ന മറ്റൊരു പുസ്തകമാണ് ഒരു **ബൈബിൾ നിഘണ്ടു** അഥവാ **എൻസൈക്ലോപീഡിയ**. ബൈബിളിലെ എല്ലാ വിഷയങ്ങളെക്കുറിച്ചുമുള്ള വിഷയങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇതോടൊപ്പമുള്ള ഭൂപടങ്ങളും ചിത്രങ്ങളും മറ്റും നിങ്ങളുടെ ബൈബിൾ പഠനത്തിന് സഹായികളാണ്.

ഇപ്പോൾ നിങ്ങൾക്കുള്ള ഈ ഉപാധികൾ ഉപയോഗിച്ച് നിങ്ങൾക്ക് നോട്ടെഴുതുവാനുള്ള ഒരു **പുസ്തകവും പേനയുമായി** ഇരുന്ന് നിങ്ങൾ ആഴമായി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഈ ഭാഗങ്ങൾ എന്താണ് പറയുന്നത് എന്നു മനസ്സിലാക്കുവാനായി നിങ്ങൾ തന്നെ ചില ചോദ്യങ്ങൾ ചോദിക്കുക. "ആരാണ് ഈ വാക്കുകൾ എഴുതിയത്" ആർക്കാണ് ഈ കാര്യങ്ങൾ എഴുതപ്പെട്ടത്? എന്തുകൊണ്ടാണ് ഇങ്ങനെയുള്ള വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്? ഇവ എന്താണ് അർത്ഥമാക്കുന്നത്? ഞാൻ ഈ ഭാഗത്തുനിന്നും എന്താണ് പഠിക്കുന്നത്? ഞാൻ എന്താണ് ചെയ്യേണ്ടത്? എന്താണ് ഒഴിവാക്കേണ്ടത്?



നിങ്ങൾക്ക് കമ്പ്യൂട്ടർ ഉണ്ടെങ്കിൽ ബൈബിൾ പഠനത്തിനുള്ള സി.ഡി വാങ്ങാവുന്നതാണ്. സത്യത്തിൽ ദൈവവചനം പഠിക്കുവാനായി വിശ്വാസികൾക്ക് അനവധി ഉപാധികൾ ഉണ്ട്. ദൈവവചനത്തിന്റെ ഒരു വിദ്യാർത്ഥിയാകാതെ ഇരിക്കുവാനുള്ള യാതൊരു കാരണവും കാണുന്നില്ല. ബെരോവയിലുള്ളവരെക്കുറിച്ച് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ***"അവർ തിരുവചനം ദിനം പ്രതി പരിശോധിച്ചു പോന്നു" എന്നാണ് (അപ്പൊ. പ്ര 17:11).*** ദൈവം അവന്റെ വചനം മനസ്സിലാക്കുവാൻ നമ്മെ സഹായിക്കേണ്ടതിന് നാം പ്രാർത്ഥിക്കേണ്ടതാണ് ***(സങ്കീർത്തനം 119:18).*** ദൈവവചനം എന്താണ് പഠിപ്പിക്കുന്നത് എന്ന് മനസ്സിലാക്കുവാൻ നാമും ബൈബിൾ പഠിക്കേണ്ടത് ആവശ്യമാണ്. അങ്ങനെയെങ്കിൽ രണ്ടു കാര്യങ്ങളിൽ നാം ഉറപ്പുള്ളവരായിരിക്കും ഒന്നാമത്, നാം ***"ഉപദേശത്തിന്റെ ഓരോ കാറ്റിനാലും അലഞ്ഞുലയുകയില്ല" (എഫെസ്യർ 4:14).*** എന്നുവെച്ചാൽ, നാം ബൈബിൾ പഠിപ്പിക്കുന്നത് എന്താണെന്നു മനസ്സിലാക്കുമ്പോൾ നാം മറ്റുള്ളവരാൽ ഒരിക്കലും ആശയകുഴപ്പത്തിലാവുകയില്ല രണ്ടാമത്, ബൈബിൾ എന്താണ് പഠിപ്പിക്കുന്നത് എന്ന് മറ്റുള്ളവരെ പഠിപ്പിക്കുവാൻ നമുക്ക് കഴിയും. എന്തുതന്നെയായാലും നമുക്ക് അറിയുവാൻ കഴിയാത്ത കാര്യങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുവാൻ നമുക്ക് കഴിയുകയില്ല. നിങ്ങൾക്ക് ഒരു പ്രസംഗികനോ, അദ്ധ്യാപകനോ ആകണമെങ്കിൽ ആദ്യം നിങ്ങൾ ഒരു വിദ്യാർത്ഥിയായിത്തീരണം നിങ്ങൾ ബൈബിൾ വളരെ ഗൗരവമായി പഠിക്കുന്നുണ്ടോ? നിങ്ങൾ തീർച്ചയായും അത് ചെയ്യേണ്ടതാണ്.

**1** ബൈബിൾ വായിക്കുന്നതിനേക്കാളും പഠിക്കുന്നതാണ് പ്രധാനപ്പെട്ടത് എന്ന് നിങ്ങൾ കരുതുന്നത് എന്തുകൊണ്ട്?

..........

..........

..........
(3)

**2** A. ഒരു കമന്ററി എന്നാൽ എന്താണ്? ..........
(4)

B. ഒരു കൺകോഡൻസ് എന്നാൽ എന്ത്? ..........

**3** ബൈബിൾ പഠിക്കുമ്പോൾ നിങ്ങൾ ഒരു നോട്ടുബുക്കും പേനയും കരുതണം എന്ന് ഈ പാഠത്തിൽ പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്? ..........

..........
(2)

**4** A. ബെരോവയിലുള്ളവർ തെസ്സലൊനിക്യയിലുള്ളവരെക്കാളും ഉത്തമന്മാരായിരുന്നു എന്ന് പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്?

..........

..........

B. ബെരോവയിലുള്ള ക്രിസ്ത്യാനികൾ എപ്രകാരമാണ് ഇന്ന് നമുക്ക് നല്ല മാതൃകയായിരിക്കുന്നത്?

..........

..........
(4)

**5** 2 തിമൊഥെയോസ് 2:15 – 17 വീണ്ടും വായിക്കുക.

i. 15 – ാം വാക്യം എടുത്തെഴുതുക. ..........

..........

ii. 17 – ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന രണ്ടു പേർ എപ്രകാരമാണ് സത്യം വിട്ടു തെറ്റിപ്പോയത്?

..........

..........

..........
(4)

**6** ഇന്ന് നമുക്ക് ചുറ്റുമുള്ള അനേകമായ ദുരുപദേശങ്ങളും ശരിക്കും നമ്മെ പറത്തിക്കൊണ്ടുപോകുന്ന കാറ്റ് പോലെയാണ് (എഫെസ്യർ 4:14 – 15 കാണുക). നാം ദൈവത്തിനുവേണ്ടി നിൽക്കുന്നവരാണെന്ന് എങ്ങനെ മനസ്സിലാക്കാം?

..........

..........
(3)

**7** 1 തിമൊഥെയോസ് 4:15 – 16; 2 തിമോഥെയോസ് 13:14 – 15; 2 തിമൊഥെയോസ് 4:2 ഇവ വായിക്കുക. ദൈവവചനം ഉപയോഗിക്കുന്നതിൽ തിമൊഥെയോസ് എപ്രകാരമുള്ളയാളായിരുന്നു? അതിൽ നിന്നും എന്ത് ഫലങ്ങളാണ് ലഭിക്കുന്നത്?

..........

..........

..........

..........

..........
(5)

(25)

ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തീയ ജീവിതം

**സ്വകാര്യജീവിതം** **യൂണിറ്റ് C**

**പഠനം 4.** ദൈവത്തിന് നൽകുക

പേര്:

**വായിക്കുക: ലൂക്കോസ് 21:1 – 4; 1 കൊരിന്ത്യർ 16:1 – 3**

**താക്കോൽവാക്യം: ലൂക്കോസ് 21:3**

**"ഈ ദരിദ്രയായ വിധവ എല്ലാവരേക്കാളും അധികം ഇട്ടിരിക്കുന്നു എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു".**



എങ്ങനെയാണ് ദൈവത്തിന്റെ പ്രവർത്തനങ്ങൾ വളരുന്നത്? പരിശുദ്ധാത്മാവാം ദൈവം നമ്മുടെ പ്രസംഗങ്ങൾ, ഉപദേശങ്ങൾ, മറ്റു രീതിയിലുള്ള സാക്ഷ്യങ്ങൾ മുഖേനയാണ് അത് വളർത്തുന്നത്. എന്നാൽ ഇത് ചിലവേറിയ കാര്യങ്ങൾ കൂടെയാണ്. ചില കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുകയും പലവിധ സാധനങ്ങൾ ക്രമീകരിക്കപ്പെടേണ്ടതും ആവശ്യമാണ്. അതിനുള്ള പണം എവിടെ നിന്നാണ് വരുന്നത്? അത് സ്വർഗ്ഗത്തിൽ നിന്നും വീഴുന്നതല്ല, മറിച്ച് ക്രിസ്ത്യാനികളിൽ നിന്നും വരുന്നതാണ്. ദൈവം തന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി നമ്മളാൽ കഴിയും വിധം നൽകുവാൻ അവൻ ആഗ്രഹിക്കുന്നു.

**പഴയനിയമ ദശാംശരീതികൾ**

ദൈവത്തിന് തങ്ങളുടെ ദശാംശം നൽകണമെന്നതായിരുന്നു പഴയനിയമ വ്യക്തികളെക്കുറിച്ച് ദൈവം ആഗ്രഹിച്ചത്. ദശാംശം എന്നു പറയുന്നത് പത്തിൽ ഒരു അംശമാണ്. പഴയനിയമകാലത്ത് യിസ്രായേൽ തങ്ങളുടെ വിളകളിൽ നിന്നും ആടുമാടുകളിൽ നിന്നും ദൈവത്തിന് ദശാംശം നൽകേണ്ടിയിരുന്നു ***(ലേവ്യ 27:30 – 32; ആവർത്തനപുസ്തകം 14:22 കാണുക).*** ദശാംശത്തിലൂടെ ശേഖരിച്ച സാധനങ്ങളും പണവും ദൈവാലയത്തിലെ പുരോഹിതന്മാർക്കും ലേവ്യർക്കും ഉള്ളതായിരുന്നു. അവരുടെ ജീവിതം ഇതിൽ മാത്രമായിരുന്നു ആശ്രയിച്ചിരുന്നത്. ദശാംശത്തോടൊപ്പം യിസ്രായേല്യർക്ക് സ്വമേധാ ദാനങ്ങളും ഉണ്ടായിരുന്നു. ഇവ ഓരോരുത്തരുടേയും ഇഷ്ടത്തിനനുസരിച്ചായിരുന്നു പക്ഷെ ദശാംശം നിർബ്ബന്ധമായി നൽകേണ്ടിയിരുന്നു.

**പുതിയനിയമ ധനശേഖരം**

നമുക്കുള്ളതിന്റെ പത്തിൽ ഒരു ഭാഗം കർത്താവിന് നൽകുവാനായി പുതിയനിയമത്തിൽ യാതൊരു കല്പനയുമില്ല. ആദിമവിശ്വാസികൾ പരസ്പരം സഹായിക്കുന്നതിൽ വളരെ ഉത്സാഹികളും പങ്കുവെയ്ക്കുന്നവരും ***"ഓരോരുത്തന് ആവശ്യം ഉള്ളതുപോലെ" നൽകുകയും ചെയ്തിരുന്നു (അപ്പൊ.പ്ര 2:44 – 45).*** വളരെ പിന്നീട് ആരും സഹായിക്കാത്തവരും പാവപ്പെട്ടവരുമായ ചില വിശ്വാസികളെക്കുറിച്ച് പൗലോസ് ഭാരപ്പെടുന്നത് കാണുന്നു. അതുകൊണ്ട് താൻ 1 കൊരിന്ത്യർ 16:1- 2-ൽ ഇപ്രകാരം ക്രിസ്ത്യാനികൾക്ക് എഴുതുകയുണ്ടായി, ***"വിശുദ്ധന്മാർക്കുവേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ.... ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു പോലെ സ്വരൂപിച്ച് തന്റെ പക്കൽ വെച്ചുകൊള്ളണം"***

നൽകുന്നതിനെക്കുറിച്ച് നാല് പ്രമാണങ്ങൾ നൽകിയിരിക്കുന്നു:

**1. ഇത് ക്രമമായി ചെയ്യേണ്ടതാണ്.**

ആഴ്ചതോറും വിശ്വാസികൾ കൂടി വന്ന് ധനശേഖരം നടത്തുന്ന കാര്യം മുമ്പ് പല സഭകളിലും ഉണ്ടായിരുന്നു ഇപ്പോഴും തുടർന്നു വരുന്നു. ഈ സ്തോത്രകാഴ്ച ശേഖരിച്ചിരുന്നത് ***"ആഴ്ചവട്ടത്തിന്റെ ഒന്നാമത്തെ ദിവസം"*** ആയിരുന്നു.

**2. ഇത് വ്യക്തി പരമായിരിക്കണം.**

***"ഓരോരുത്തരും ഒരു ഭാഗം മാറ്റി വെക്കണം... "*** ഇതിൽ ധനവാന്മാരും ദരിദ്രരും ഉൾപ്പെട്ടിരുന്നു.

**3. ഇത് ആനുപാതികമായിരിക്കണം.**

ശരിയായി പത്ത് ശതമാനമല്ല ഉദ്ദേശിക്കുന്നത് മറിച്ച് ***"ഒരുവനാൽ കഴിയും വിധം"*** ആയിരിക്കണം. എന്നുവെച്ചാൽ ഒരു വ്യക്തിക്ക് ഒരാഴ്ച മുമ്പുള്ള ആഴ്ചയിലേതിനേക്കാൾ പണം കിട്ടിയാൽ അവൻ കൂടുതൽ കൊടുക്കുവാൻ ബാദ്ധ്യസ്ഥനാണ്.

**4. ഇത് ഉദ്ദേശ്യത്തോടെയായിരിക്കണം.**

ദൈവം എത്രമാത്രം നമുക്ക് നൽകി എന്ന് മനസ്സിൽ എപ്പോഴും സംഗ്രഹിക്കുകയും ഈ വിചാരത്തോടെയും ഉത്സാഹത്തോടെയുമാണ് നൽകേണ്ടത് ***(2 കൊരിന്ത്യർ 9:7).***

***2 കൊരിന്ത്യർ 8:1 – 4*** ൽ പറഞ്ഞിരിക്കുന്നതുപോലെ സാമ്പത്തികമായി ആവശ്യമുള്ള ക്രിസ്ത്യാനികൾക്ക് ഈ പണം നൽകിയിരുന്നു. ചില സന്ദർഭങ്ങളിൽ, പൗലോസ് താൻ സുവിശേഷം അറിയിച്ച സഭകളിൽ നിന്നും ചില കൂട്ടായ്മ സ്വീകരിച്ചിരുന്നു. ഇതിന്റെ ഉദാഹരണമായി നാം ***ഫിലിപ്പ്യർ 4:15 – 19*** ഫിലിപ്പ്യയിലുമുള്ള സഭ തന്നോടു കാണിച്ച ഹൃദയവിശാലതക്ക് പൗലോസ് അവരോട് നന്ദി പറയുന്നത് നാം വായിക്കുന്നു. മറ്റുള്ള അപ്പൊസസ്തലന്മാരും മിഷണറിമാരും ഈ വിധത്തിൽ സഹായിക്കപ്പെട്ടു എന്ന് നമുക്ക് തീർച്ചയായും അനുമാനിക്കാവുന്നതാണ്. ഈ നാളുകളിൽ സ്തോത്രകാഴ്ച സഞ്ചിയിൽ നിന്നുള്ള പണം ഉപയോഗിച്ച് സഭയുടെ വൈദ്യുതിക്കുള്ള തുക, വെള്ളത്തിന്റെ ചിലവ്, പാട്ടുപുസ്തകം വാങ്ങുക, സണ്ടെസ്കൂൾ പുസ്തകങ്ങൾ വാങ്ങുക, ചില ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുക തുടങ്ങി എല്ലാ ചെലവുകളും നിർവ്വഹിക്കുന്നു. അടുത്തും അകലെയുമായി ചെയ്യപ്പെടുന്ന ദൈവിക ശുശ്രൂഷയ്ക്കായിട്ട് ഇന്നും അനേക സ്ഥലം സഭകൾ സാമ്പത്തികമായി സഹായിക്കുന്നു.

ധനശേഖരണത്തിലേക്ക് നൽകുന്നത് വളരെ ശ്രദ്ധയോടെയും സുതാര്യമായും ചെയ്യേണ്ടുന്ന കാര്യമാണ്. കാരണം നാം നൽകുന്നത് ആരും കാണുവാൻ പാടില്ല. യേശുകർത്താവ് പറഞ്ഞതായ പ്രധാനപ്പെട്ട കാര്യവും ഇതുതന്നെയാണ് നാം എത്രമാത്രം നൽകുന്നുവെന്ന് ദൈവത്തിന് മാത്രമേ അറിയുകയുള്ളൂ ***(മത്തായി 6:1 – 4). ലൂക്കോസ് 21-*** ൽ മറ്റെല്ലാ ധനികർ നൽകിയതിലും വളരെ കൂടുതലാണ് ആ വിധവ നൽകിയ രണ്ടു കാശ് എന്ന് കർത്താവ് പറയുകയുണ്ടായി കാരണം അവൾ തനിക്കുള്ളതൊക്കെയും നൽകി. നാം എത്രതന്നെ ചെറുതാണ് നൽകിയത് എങ്കിലും നാം ഇത് കർത്താവിന്റെ നാമത്തിൽ ചെയ്തുവെങ്കിൽ അത് തീർച്ചയായും കർത്താവിനാൽ അംഗീകരിക്കപ്പെടുകയും അനുമോദിക്കപ്പെടുകയും ചെയ്യും അവന്റെ വാഗ്ദത്തം ഇപ്രകാരമാണ്.

***"എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും" (1 ശമുവേൽ 2:30).***

ന്യൂലൈഫ്
# പ്രവൃത്തി പരിചയം



## പാഠം 4. ദൈവത്തിന് നൽകുക

1 A. യിസ്രായേല്യരെ സംബന്ധിച്ച് "ദശാംശം" എന്നത് എന്താണെന്ന് വ്യക്തമാക്കുക.

..........

B. ഇങ്ങനെ ശേഖരിച്ച ധനവും വസ്തുക്കളും ഏത് ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചത്? 4

..........

2 യെരുശലേമിലുണ്ടായിരുന്ന ആദിമകാല ക്രിസ്ത്യാനികൾ പരസ്പരം സ്നേഹിക്കുന്നവരും കരുതുന്നവരും ആയിരുന്നു (അപ്പൊ. പ്ര 4:32 – 35 വായിക്കുക) അതിനുശേഷം അവർ തങ്ങളുടെ ദരിദ്രരായ സഹോദരീ സഹോദരന്മാരെ സഹായിക്കുവാൻ എന്താണ് ചെയ്തത് എന്ന് നിങ്ങളുടെ വാക്കുകളിൽ എഴുതുക.

..........

.......... 3

3 "വിശുദ്ധന്മാരുടെ ധനശേഖരണത്തെക്കുറിച്ച്" പൗലോസ് സഭയ്ക്ക് നൽകിയ ചില നിർദ്ദേശങ്ങൾ 1 കൊരിന്ത്യർ 16:1 – 3 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

i ഈ ധനശേഖരം ക്രമമായി നടക്കണം എന്ന് സൂചിപ്പിക്കുന്ന പ്രയോഗം എടുത്തെഴുതുക.

..........

ii. ഒരു വ്യക്തി ഓരോ ആഴ്ചയിലും നൽകുന്ന പണം വ്യത്യാസപ്പെട്ടിരിക്കും എന്ന് സൂചിപ്പിക്കുന്ന വാക്കുകൾ ഏതെല്ലാം?

..........

iii. സഭയിലുള്ള എല്ലാ വിശ്വാസികളും ഇതിൽ പങ്കുചേരണം എന്ന് സൂചിപ്പിക്കുന്ന വാക്കുകൾ എടുത്തെഴുതുക. 3

..........

4 നൽകുന്നതിനെക്കുറിച്ചോ സത്ക്കർമ്മം ചെയ്യുന്നതിനെക്കുറിച്ചോ യേശുകർത്താവ് തന്റെ ശിഷ്യന്മാർക്ക് നൽകിയ നിർദ്ദേശങ്ങൾ മത്തായി 6:1 – 4 ൽ നിന്നും വായിക്കുക.

i. "കാഹളം മുഴക്കരുത്" എന്ന് താൻ പഠിപ്പിച്ചു. ഇത് അർത്ഥമാക്കുന്നത് എന്താണ്? ..........

..........

ii. "നിങ്ങളുടെ വലങ്കൈ ചെയ്യുന്നത് ഇടം കൈ അറിയരുത്" എന്ന് പറയുന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?

..........

iii. നാം രഹസ്യത്തിൽ നൽകിയാൽ പിതാവാം ദൈവം എന്താണ് ചെയ്യുന്നത്? .......... 6

..........

5 5. "ഈ ദരിദ്രയായ വിധവ എല്ലാവരിലും അധികമായി ഇട്ടിരിക്കുന്നു" എന്ന് യേശു കർത്താവ് പറഞ്ഞുകൊണ്ട് എന്താണ് അർത്ഥമാക്കിയത് എന്നെഴുതുക. .......... 3

..........

6 6. A. "കർത്താവിന് നൽകേണ്ടത്" ക്രിസ്തീയ ജീവിതത്തിൽ എപ്രകാരമാണ് പ്രാധാന്യമർഹിക്കുന്നത് എന്ന് വ്യക്തമാക്കുക.

..........

B. ഓരോ ആഴ്ചയിലുള്ള ധനശേഖരം എന്തിനൊക്കെ ഉപയോഗിക്കുവാൻ സാധിക്കും? 4

..........

7 7. ദൈവം തന്നെ ബഹുമാനിക്കുന്നവർക്ക് ചെയ്യുന്ന കാര്യം 1 ശമുവേൽ 2:30 വായിച്ചശേഷം വിവരിക്കുക.

..........

.......... 2

100

യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25

ആകെ മാർക്ക്